നം.കെ.എസ്.എ.2265/എസ്1/2017

കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 27.3.2017
ഫോൺ : 0471-2303640
ഇ-മെയിൽ : director.ksad@kerala.gov.in

**സർക്കുലർ നം.3/2017**

സർ,

വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ചാർജ്/സർചാർജുകളുടെ സമയപരിധി - സമയബന്ധിത നടപടികൾ - സംബന്ധിച്ച്.

സർചാർജ് നോട്ടീസ് നൽകിയതിനുശേഷം കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 20(2) ൽ നിഷ്കർഷിക്കും പ്രകാരമുള്ള സമയപരിധി കഴിഞ്ഞ് സർചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിന് നിയമസാധുതയില്ല എന്നു കണ്ടെത്തി O.P(LF)245/2016 നമ്പർ കേസിൽ 14.7.2016-ാം തീയതി കോടതി വിധി കക്ഷിയ്ക്ക് അനുകൂലമായി ലഭിച്ചിട്ടുണ്ട്.

21.2.2005-ൽ സർചാർജ് നോട്ടീസ് നൽകിയശേഷം, 17.5.2006-ൽ പുറപ്പെടുവിച്ച സർചാർജ് സർട്ടിഫിക്കറ്റ് നിലനിൽക്കുന്നതല്ല എന്നാണ് കോടതിയുടെ കണ്ടെത്തൽ. 22.9.2006 ലെ ജി.ഒ.(പി) നം.374/2006/ഫിൻ. ഉത്തരവ് പ്രകാരം, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് അമൻഡ്മെന്റ് 2006, റൂൾ 20(2)-ൽ പറയുന്ന സമയപരിധി 4 മാസം എന്നത് 2 വർഷമായി നിജപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും പ്രസ്തുത ഭേദഗതിയുടെ ആനുകൂല്യം ഉത്തരവ് പുറപ്പെടുവിച്ച തീയതിയായ 22.9.2006 മുതലാണ് ബാധകമാക്കിയിട്ടുള്ളത്. അതിനാൽ പ്രസ്തുത തീയതിയ്ക്കുമുമ്പ് പുറപ്പെടുവിച്ച ചാർജ്/സർചാർജ് നോട്ടീസുകൾ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാനുള്ള സമയപരിധിയായ 4 മാസം പിന്നിട്ടിരുന്നു.

കേരള ലോക്കൽ ഫണ്ട് ആക്റ്റിലും, റൂൾസിലും പറയുന്ന സമയപരിധിയ്ക്കുള്ളിൽ ചാർജ്/സർചാർജ് സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും, മറിച്ചായാൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെതിരെ കോടതി ഉത്തരവുകൾ ഉണ്ടാകാനിടയുണ്ടെന്നും കാണുന്നു. ഈ സാഹചര്യത്തിൽ കൃത്യ സമയത്തു തന്നെ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട സെക്ഷനുകളും ഓഫീസ് മേധാവികളും ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്
ഡയറക്ടർ

പകർപ്പ്: സർചാർജ് സെക്ഷനുകൾക്കും
എല്ലാ ഉപകാര്യാലയ മേധാവികൾക്കും.

ഉത്തരവിൻ പ്രകാരം

ഓഡിറ്റ് ഓഫീസർ

എം.എസ്.24/3/17